മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team) രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകാര്യ വകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി മിഷൻ, SPeMT, എൻ.ഐ.സി., WFP തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്ക് ശിപാർശ നൽകുന്നത് SpeMT-യാണ്. NICSI മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുൾപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും (PIU) ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് Postgre SQL ഡാറ്റാബേസ് വിഭാഗത്തേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) ഉപദേശക സഹായം പ്രാജക്ടിന് ലഭ്യമാണ്. കൂടാതെ 3-10-2015-ലെ സ.ഉ.(കൈ) നമ്പർ 25/15/ഭ.സി.സ.വ പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് പ്രോജക്ടിനോടനുബന്ധിച്ച് എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ 22 റേഷൻ കടകളിൽ ഈ-പോസ് മെഷീൻ സ്ഥാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തിയാക്കി വരികയും ചെയ്യുന്നു. 2015 ആഗസ്റ്റ് 19- ന് തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംപാറയിലെ എ.ആർ.ഡി. 32-ൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചുകൊണ്ടാണ് മോഡൽ പൈലറ്റ് പദ്ധതി ആരംഭിച്ചത്.

റേഷൻ കാർഡ് വിതരണം

197(1264) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ നോർത്ത്, സൗത്ത് എന്നീ സിറ്റി റേഷനിംഗ് ഓഫീസ് പരിധിയിൽ വരുന്ന കാർഡുകൾക്ക് പുതിയ റേഷൻ കാർഡ് ഏതുവർഷം ഏതുമാസം ഏതു തീയതിയിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

തിരുവനന്തപുരം നോർത്ത്, സൗത്ത് സിറ്റി റേഷനിംഗ് ഓഫീസുകളുടെ പരിധിയിൽ വരുന്ന കാർഡുടമകളുടെ മുൻഗണന/മുൻഗണനേതര റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കേണ്ടതുണ്ട്. ഇത് പരിഹരിച്ച് കഴിഞ്ഞ് മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് ടി ഓഫീസുകളുടെ പരിധിയിൽ റേഷൻകാർഡ് വിതരണം പൂർത്തീകരിക്കുവാൻ കഴിയും. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡിൽ റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താവിന് ലഭിക്കും. പുതിയ താമസക്കാർക്ക് താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. അതിനാൽ പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly